(സി) സർക്കാർ/എയ്ഡഡ് കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനത്തിന് നിലനിൽക്കുന്ന അതേ മാനദണ്ഡങ്ങൾ തന്നെയാണ് സ്വയംഭരണ കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനത്തിനും പരിഗണിക്കുന്നത്.

സ്വയംഭരണ കോളേജുകളും കൽപ്പിത സർവ്വകലാശാലകളും ആരംഭിക്കൽ

8 (2460) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്വയംഭരണ കോളേജുകളും കല്പിത സർവ്വകലാശാലകളും ആരംഭിക്കുന്നതിനായി 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയ 10 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

ഉത്തരം

പുതിയ സർക്കാർ സ്വയംഭരണ കോളേജുകളും കൽപ്പിത സർവ്വകലാശാലകളും ആരംഭിക്കുന്നതിനായി 2014-15-ലെ ബഡ്ജറ്റിൽ 2202-03-103-61 എന്ന ശീർഷകത്തിൽ 5 കോടി രൂപയും 4202-01-203-90 എന്ന ശീർഷകത്തിൽ 5 കോടി രൂപയും വകയിരുത്തിയിരുന്നു. ഇതിൽ 2202-03-103-61 എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 5 കോടി രൂപയിൽ നിന്നും എറണാകുളം മഹാരാജാസ് കോളേജിന് സ്വയംഭരണ പദവിയുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾക്കായി 142.50 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 16.45 ലക്ഷം രൂപ വിനിയോഗിക്കുകയും ശേഷിക്കുന്ന 126.05 ലക്ഷം രൂപ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

വൈപ്പിൻ നിയോജകമണ്ഡലത്തിൽ പുതിയ ആർട്സ് കോളേജ്

9 (2461) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ പുതുതായി ആർട്സ് കോളേജ് ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം, കെട്ടിടം എന്നിവ പരിശോധിച്ചു കൊണ്ടുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly